"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി - ജീവനക്കാര്യം - കോട്ടയം നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീമതി.ഷീല.എ.യുടെ ട്രിഡയിലെ അസിസ്റ്റന്റ് തസ്തികയിലുള്ള അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2216/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 10.05.2013 ലെ 42/2013/ധന നം. സർക്കുലർ

2 28.11.2013 ലെ സ.ഉ.(പി) നം. 580/2013/ധന.

3 06.12.2017 ലെ സ.ഉ.(പി) നം. 3922/2017/തസ്വഭവ

4 13.12.2018 ലെ സ.ഉ.(സാധാ) നം. 3129/2018/തസ്വഭവ

5 19.11.2019ലെ സ.ഉ.(സാധാ) നം. 2603/2019/തസ്വഭവ

6 ട്രിഡ സെക്രട്ടറിയുടെ 13.11.2020 ലെ എ1/2747/2017/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീമതി.ഷീല.എ.യെ പരാമർശം (3) ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ്-I ആയി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4),(5) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകിയും ഉത്തരവായിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 12.12.2020 ൽ അവസാനിച്ച സാഹചര്യത്തിൽ 13.12.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.ഷീല.എ.-യുടെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾസ് ഭാഗം-I ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 13.12.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി

ശ്രീമതി.ഷീല.എ. (സെക്രട്ടറി, കോട്ടയം നഗരസഭ മുഖാന്തിരം)

സെക്രട്ടറി, കോട്ടയം നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ